**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4644** **10-08-2021 - ൽ മറുപടിയ്ക്ക്**

**വാഹന രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നമ്പർ നൽകുന്ന രീതി വിശദമാക്കാമോ; | (എ) | പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷയും ഫീസ്, ടാക്സ് തുടങ്ങിയവയും ഡീലർ ഓൺലൈൻ മുഖാന്തിരം സമർപ്പിക്കുന്നു. കൂടാതെ മേൽവിലാസത്തിനുള്ള തെളിവ് തുടങ്ങിയ രേഖകൾ ഡീലർ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നു. പൂർണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ വാഹനങ്ങൾക്ക് വാഹന പരിശോധനയോ നേരിട്ടുള്ള അപേക്ഷയോ കൂടാതെ ഓൺലൈനായി ലഭ്യമായ അപേക്ഷയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്ന് മോട്ടോർ വാഹന നിയമം സെക്ഷൻ 41 (6) പ്രകാരം രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നു. ഇത് എസ്.എം.എസ്. മുഖേന ഉടമയെ അപ്പപ്പോൾ തന്നെ അറിയിക്കുകയും ചെയ്യുന്നു. 'ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ്' ഡീലർ വാഹനത്തിൽ ഘടിപ്പിച്ചതിനു ശേഷം മാത്രമേ വാഹനം വാങ്ങിയ ആൾക്ക് നൽകുവാൻ പാടുള്ളൂ. ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റിന്റെ വിവരങ്ങൾ ഡീലർ അപ്‌ലോഡ് ചെയ്യുന്നതിനനുസരിച്ച് വാഹൻ സോഫ്റ്റ്‌വെയറിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ലഭ്യമാവുകയും ഉടമയ്ക്ക് അയച്ചുനൽകുകയും ചെയ്യുന്നു. |
| (ബി) | പുതിയ വാഹനങ്ങൾ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിൽ കണ്ട് പരിശോധിച്ച് രജിസ്ട്രേഷൻ നമ്പർ നൽകുന്ന രീതി മാറ്റി, വാഹൻ സൈറ്റിൽ വാഹനത്തിന്റെയും ഉടമയുടെയും വിവരങ്ങൾ സംബന്ധിച്ച് അപ്‌ലോഡ് ചെയ്ത വിവരങ്ങൾ മാത്രം കണ്ട് രജിസ്ട്രേഷൻ നമ്പർ നൽകുന്നുണ്ടോ; | (ബി) | ഉണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 240 (E) അനുസരിച്ച് ഭേദഗതി ചെയ്ത കേന്ദ്ര മോട്ടോർ വാഹന ചട്ടം 48 B പ്രകാരം പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ വാഹനങ്ങളെയാണ് രജിസ്ട്രേഷനു വേണ്ടിയുള്ള പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഷാസി വാങ്ങി ബോഡി നിർമ്മിക്കുന്ന വാഹനങ്ങളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥന് |

| | | | |
|---|---|---|---|
| | | | ഡീലറുടെ പക്കൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ള ഏതു വാഹനവും പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. |
| (സി) | എങ്കിൽ വാഹന ഡീലർമാർ എന്തെങ്കിലും തരത്തിലുള്ള തെറ്റായ വിവരണങ്ങൾ അപ്‌ലോഡ് ചെയ്താൽ പോലും കണ്ടുപിടിക്കാൻ പ്രയാസമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാർ അംഗീകൃത ടെസ്റ്റിംഗ് ഏജൻസിയായ Automotive Research Association of India യുടെ പരിശോധനയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മാതൃകയിൽ നിർമ്മിച്ച വാഹനങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്. വാഹനങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും വാഹന നിർമ്മാതാക്കളാണ് വാഹൻ പോർട്ടലിൽ upload ചെയ്യുന്നത്. ഇത്തരത്തിൽ upload ചെയ്യപ്പെടുന്ന വിവരങ്ങളിൽ മാറ്റംവരുത്താൻ മറ്റാർക്കും അനുമതിയില്ല. ആയതിനാൽ വാഹനം രജിസ്റ്റർ ചെയ്തതിനു ശേഷം കണ്ടെത്തുന്ന ന്യൂനതകൾക്ക് വാഹന നിർമ്മാതാവ് ഉത്തരവാദിയായിരിക്കും. |
| (ഡി) | വാഹൻ സൈറ്റിൽ രജിസ്ട്രേഷൻ നമ്പർ നൽകുന്നതിന് മുമ്പായി വാഹനം കാണാതെ ഇൻസ്പെക്ടഡ് എന്ന് എ.എം.വി.ഐ. മാർ രേഖപെടുത്തുന്ന രീതി തെറ്റാണെന്ന് പരാതി ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 48 അനുസരിച്ച് പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങളെയാണ് രജിസ്ട്രേഷനുവേണ്ടിയുള്ള വാഹന പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള രജിസ്ട്രേഷൻ നടപടിക്രമം നിയമാനുസൃതമാണ്. |
| (ഇ) | നിർത്തലാക്കിയ ബി.എസ്. 4 വാഹനങ്ങൾപോലും ഡീലർമാർക്ക് ഇപ്രകാരം വിറ്റഴിക്കാൻ സാധിക്കുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ? | (ഇ) | 31.03.2020 ന് മുൻപ് വിൽപന നടത്തുകയും വാഹനത്തിന്റെ വിവരങ്ങൾ വാഹൻ പോർട്ടലിൽ enter ചെയ്ത് Temporary registration അനുവദിക്കുകയും ചെയ്ത ശേഷം ലോക്ക് ഡൌൺ കാരണത്താൽ സ്ഥിര രജിസ്ട്രേഷൻ നടത്തുവാൻ കഴിയാത്ത BS IV വാഹനങ്ങൾക്കു മാത്രമെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 13.08.2020 ലെ WP(C) No.13029/1985 നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷന് അനുമതിയുള്ളു. വാഹൻ പോർട്ടലിൽ വാഹനത്തെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുന്നതിന് ബന്ധപ്പെട്ട വാഹന നിർമ്മാതാവിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ മാറ്റം വരുത്തുവാനോ കൂട്ടിച്ചേർക്കുവാനോ ഡീലർമാർക്ക് സാധ്യമാകുകയില്ല. നിലവിലുള്ള സംവിധാനം അനുസരിച്ച് 31.03.2020-ന ശേഷം BS IV വാഹനങ്ങൾ വിൽപ്പന നടത്തുകയോ രജിസ്ട്രേഷൻ അനുവദിക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ